# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.216 — 09/06/2014 ൽ മറുപടിക്ക്

## അഴിമതി, കൈക്കൂലി എന്നിവയിലുൾപ്പെട്ട സർക്കാർ ജീവനക്കാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.കെ.ബാലൻ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി, കൈക്കൂലി, വിവിധതരം തട്ടിപ്പുകൾ എന്നിവയിൽ എത്ര സർക്കാർ ജീവനക്കാർ പ്രതികളായിട്ടുണ്ട് ; ഇതിൽ എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി, കൈക്കൂലി എന്നീ കുറ്റങ്ങൾക്ക് നിലവിൽ 594 ഓളം സർക്കാർ ജീവനക്കാരെ പ്രതിചേർത്ത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണഘട്ടത്തിലുള്ള വിജിലൻസ് കേസുകളിലെ പ്രതികളുടെ വിവരം സംബന്ധിച്ച് അന്വേഷണാനന്തരം മാത്രമേ വ്യക്തമായ രൂപം ഉണ്ടാവുകയുള്ളൂ എന്നതിനാൽ ഇത്തരം കേസുകളിലെ പ്രതികളെ സംബന്ധിച്ചുള്ള ഏകദേശ കണക്കുകൾ മാത്രമേ നിലവിലുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധതരം തട്ടിപ്പുകൾ നടത്തിയതിന് 63 സർക്കാർ ജീവനക്കാർ പ്രതികളായി കേസ് രജിസ്റ്റർ ചെയ്യുകയും അവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. അവരുടെ വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ സർക്കാരിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ എത്ര ജീവനക്കാർ അഴിമതി, കൈക്കൂലി വിവിധതരം തട്ടിപ്പുകൾ എന്നിവയിൽ പ്രതികളായിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ഈ സർക്കാരിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ ജീവനക്കാർ പ്രതികളായ വിജിലൻസ് കേസുകൾ ഒന്നുംതന്നെ നിലവിലില്ല. ഈ സർക്കാരിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ ഒരു ജീവനക്കാരനെ തട്ടിപ്പുമായി ബന്ധപ്പെട്ടുള്ള കേസിൽ പ്രതിയാക്കപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ അംഗമായിരുന്ന ടെനി ജോപ്പൻ എന്നയാളാണ് പ്രതിയാക്ക - പ്പെട്ടിട്ടുള്ളയാൾ. |

(സി) ഓപ്പറേഷൻ കുബേരയിലൂടെ മാത്രം എത്ര സർക്കാർ ജീവനക്കാർ പ്രതികളായിട്ടുണ്ട് ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

സി) ഓപ്പറേഷൻ കുബേരയിലൂടെ മാത്രം 11 സർക്കാർ ജീവനക്കാർ പ്രതികളായിട്ടുണ്ട് . വകുപ്പ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജയിൽ വകുപ്പ് | : | 1 |
| കെ.എസ്.ആർ.ടി.സി | : | 2 |
| വിദ്യാഭ്യാസം | : | 3 |
| തദ്ദേശസ്വയംഭരണം | : | 1 |
| ഹോമിയോ | : | 1 |
| പോലീസ് | : | 3 |

(ഡി) ഇത്തരം നടപടികൾക്ക് മുൻ സർക്കാർ ശിക്ഷണ നടപടി സ്വീകരിച്ച എത്ര ജീവനക്കാരെ ഈ സർക്കാർ വന്നതിനുശേഷം ശിക്ഷകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് ; വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(ഡി) ആരെയും ഒഴിവാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| നമ്പർ | വകുപ്പ് | കുറ്റാരോപിതരുടെ എണ്ണം |
|---|---|---|
| 1 | പോലീസ് | -26 |
| 2 | റവന്യൂ | -9 |
| 3 | സ്പോർട്സ് അതോറിറ്റി | -1 |
| 4 | വിദ്യാഭ്യാസം | -2 |
| 5 | ആരോഗ്യം | -1 |
| 6 | ജലസേചനം | -1 |
| 7 | കെ.എസ്.ആർ.ടി.സി | -2 |
| 8 | മുനിസിപ്പാലിറ്റി | -1 |
| 9 | പഞ്ചായത്ത് | -2 |
| 10 | സപ്ലൈ ഓഫീസ് | -2 |
| 11 | തദ്ദേശ സ്വയംഭരണം | -2 |
| 12 | കൃഷി | -1 |
| 13 | പൊതുഭരണം | -1 |
| 14 | ഇലക്ട്രിസിറ്റി ബോർഡ് | -2 |
| 15 | തപാൽ വകുപ്പ് | -1 |
| 16 | വാട്ടർ അതോറിറ്റി | -1 |
| 17 | മൃഗസംരക്ഷണം | -1 |
| 18 | കെ.എഫ്.സി. | -1 |
| 19 | വനം | -6 |
| | ആകെ | 63 |

സെക്ഷൻ ഓഫീസർ